

നാടെങ്ങും പരിസ്ഥിതിദിനം ആഘോഷിച്ചു

തളിപ്പറമ്പ് മൂത്തേടത്ത് എച്ച്.എസ്.എസിൽ പരിസ്ഥിതി ദിനാചരണം ചലച്ചിത്ര സംവിധായകൻ ബാബു കാമ്പ്രത്ത് ഉദ്ഘാടനം ചെയ്യുന്നു.

പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി മാർക്കും വനം വന്യജീവി ഫ്ളയിങ് സ്ക്വോഡും സംയുക്തമായി അങ്ങാടി കുരുവികൾക്ക് കണ്ണൂരിൽ നൂറോളം കൂടുകൾ സ്ഥാപിക്കുന്ന പരിപാടി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

ഡി.വൈ.എഫ്.ഐ കോടല്ലൂർ മേഖലാ കമ്മിറ്റിയുടെ ഭൂമിക്കൊരുകാവൽ വൃക്ഷതൈ നടൽ ഉദ്ഘാടനം കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ് നിർവഹിക്കുന്നു

പുളിമ്പറമ്പ് നൂർ ഇംഗ്ലീഷ് സ്കൂളിൽ ഭൂമിക്കൊരു തണൽ പരിപാടി ട്രൻഡ് ജില്ലാ സമിതി അംഗം എ. അനസ് അസ്അദി ഉദ്ഘാടനം ചെയ്യുന്നു.

പയ്യാവൂർ ഗ്രാമപഞ്ചായത്ത്
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
4-6-2018

വൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം ചന്ദനക്കാംപാറയിലെ നഴ്സറിയിൽ പഞ്ചായത്ത് പ്രസിഡണ്ട് ഡെയ്സി ചിറ്റുപറമ്പിൽ നിർവഹിക്കുന്നു.

അക്കിപ്പറമ്പ് യു.പി സ്കൂളിൽ വനമിത്ര അവാർഡ് ജേതാവ് മൈക്കീൽ രവീന്ദ്രൻ വൈദ്യർ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്യുന്നു.

ധർമ്മശാല: ഡി.വൈ.എഫ്.ഐ കോടല്ലൂർ മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭൂമിക്കൊരുകാവൽ വൃക്ഷതൈ നടൽ മേഖലാ തല ഉദ്ഘാടനം മങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വെച്ച് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്തു. ആശുപത്രി സൂപ്രണ്ട് ഡോ: ജീവൻ ലാൽ, ഡോ. അജിത്ത് സുബാഷ് പങ്കെടുത്തു.

പയ്യാവൂർ: പയ്യാവൂർ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി കാർഷിക നഴ്സറിയിൽ ഉൽപ്പാദിപ്പിച്ച വൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം ചന്ദനക്കാംപാറയിലെ നഴ്സറിയിൽ വെച്ച് പഞ്ചായത്ത് പ്രസിഡണ്ട് ഡെയ്സി ചിറ്റുപറമ്പിൽ നിർവഹിച്ചു. വൈസ് പ്രസിഡണ്ട് ടി.പി അഷ്റഫ് അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ഇ.വി. വേണുഗോപാൽ, ഡെയ്സി മഞ്ഞനാൽ, ആഗ്നസ് വാഴപ്പള്ളി, പി.കെ ബാലകൃഷ്ണൻ, ബിനോയി ആലുങ്കത്തടം, സജൻ വെട്ടുകാട്ടിൽ സംസാരിച്ചു.

പരിയാരം: പരിയാരം ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കാർഷിക കർമ്മസേന എന്നിവയിലൂടെ 35000 ചെടികൾ നടുന്ന പദ്ധതിക്ക് തുടക്കമായി. പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ് പരിയാരം ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ പഞ്ചായത്ത്തല ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡണ്ട് കെ.വി. രമ അധ്യക്ഷയായി. പി. രഞ്ജിത്ത്, എ.ടി. മനോഹരൻ, പി.പി. രഘു, ടി. ഷീബ, പി.വി. സജീവൻ, പി.വി. സുരേഷ്, പി. സുരേഷ്, കെ.പി. ജയശ്രീ, പി. സത്യൻ സംസാരിച്ചു. സെക്രട്ടറി വി.പി. സന്തോഷ്കുമാർ സ്വാഗതവും കൃഷി ഓഫീസർ എ. ഗംഗാധരൻ നന്ദിയും പറഞ്ഞു.

കണ്ണാടിപ്പറമ്പ: നാറാത്ത് ഗ്രാമ പഞ്ചായത്തിന്റെയും മുഹമ്മദ് അബ്ദു റഹിമാൻ സാഹേബ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. പുല്ലൂപ്പിക്കടവിൽ വൃക്ഷത്തൈ നട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ. ശ്യാമള ടീച്ചർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർ അസീബ് കണ്ണാടിപ്പറമ്പ് വൃക്ഷത്തൈ വിതരണം ചെയ്തു. കെ.കെ. റഫീഖ്, കെ. മുനീസ്, മുരളീധരൻ മോഹനൻ, കെ.എൻ. മുഹിയുദീൻ നേതൃത്വം നൽകി.

തളിപ്പറമ്പ: അക്കിപ്പറമ്പ് യു.പി സ്കൂളിൽ വനമിത്ര അവാർഡ് ജേതാവ് മൈക്കീൽ രവീന്ദ്രൻ വൈദ്യർ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. ഹരിത ക്ലബ് കൺവീനർ ഇ.പി. സജിത്കുമാർ സ്വാഗതം പറഞ്ഞു. പി.ടി.എ പ്രസിഡണ്ട് പി.കെ. അഷ്റഫ് അധ്യക്ഷത വഹിച്ചു. പ്രധാനധ്യാപകൻ എം.ആർ. മണിബാബു, ബാബു സെബാസ്റ്റ്യൻ, കെ. ജയപ്രകാശൻ, യുഗ്ദേവ് സംസാരിച്ചു.

തളിപ്പറമ്പ: ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പുളിമ്പറമ്പ് നൂർ ഇംഗ്ലീഷ് സ്കൂളിൽ ‘ഭൂമിക്കൊരു തണൽ’ പരിപാടി സംഘടിപ്പിച്ചു. എസ്.കെ.എസ്.എസ്.എഫ് ട്രൻഡ് ജില്ലാ സമിതി അംഗം എ. അനസ് അസ്അദി ഏഴോം ഉദ്ഘാടനം നിർവഹിച്ചു. പി.വി. അബ്ദുന്നാസർ അധ്യക്ഷനായി. കെ. ആരിഫ, കെ. ബിന്ദു സംബന്ധിച്ചു.

ശ്രീകണ്ഠപുരം: മലയോരത്തെ സ്കൂളുകളിലും വിവിധ രാഷ്ട്രീയ- സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിലും പരിസ്ഥിതി ദിനാഘോഷം നടത്തി. സി.പി.എമ്മിന്റെ നേതൃത്വത്തിൽ നടത്തുന്ന കണ്ണൂരിനൊരു ഹരിതകവചം പരിപാടിയുടെ ശ്രീകണ്ഠപുരം ഏരിയാതല ഉദ്ഘാടനം ചുഴലി തട്ടേരി പി.എച്ച്.സിയിൽ ജില്ലാ കമ്മിറ്റി അംഗം പി.വി. ഗോപിനാഥ് നിർവഹിച്ചു. ഏരിയ സെക്രട്ടറി എം.വേലായുധൻ, വി.ഭാസ്കരൻ, പി. പ്രകാശൻ പങ്കെടുത്തു.

കേരളാ കോൺഗ്രസ് യൂത്ത്ഫ്രണ്ട് (ജേക്കബ്) പയ്യാവൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പയ്യാവൂർ ബസ് സ്റ്റാൻഡിൽ സൗജന്യ ഔഷധത്തൈ വിതരണം നടത്തി. മുൻ പയ്യാവൂർ ഗ്രാമപഞ്ചായത്തംഗം ശശീന്ദ്രന് നൽകി കേരളാ കോൺഗ്രസ് സംസ്ഥാന കമ്മിറ്റി അംഗം കെ.പി.ബിനോജ് ഉദ്ഘാടനം ചെയ്തു.

എ.കെ.പി.എ.(ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ) ശ്രീകണ്ഠപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ വൃക്ഷത്തൈ വിതരണം നടത്തി. നഗരസഭ ചെയർമാൻ പി.പി.രാഘവൻ ഉദ്ഘാടനം ചെയ്തു.

പയ്യാവൂർ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി കാർഷിക നഴ്സറിയിൽ ഉൽപ്പാദിപ്പിച്ച വൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം ˝ പ്രസിഡണ്ട് ഡെയ്സി ചിറ്റുപറമ്പിൽ നിർവഹിച്ചു. വൈസ് പ്രസിഡണ്ട് ടി.പി അഷ്റഫ് അദ്ധ്യക്ഷത വഹിച്ചു. 12,000 വൃക്ഷത്തൈകളാണ് നഴ്സറിയിൽ ഉൽപ്പാദിപ്പിച്ചത്. മുഴുവൻ തൈകളും പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നടും. പഞ്ചായത്ത് സെക്രട്ടറി ഇ.വി. വേണുഗോപാൽ, ഡെയ്സി മഞ്ഞനാൽ, ആഗ്നസ് വാഴപ്പള്ളി തുടങ്ങിയവർ സംസാരിച്ചു.

കൊയ്യം ഗവ. ഹയർസെക്കൻഡറി സ്കൂളിൽ വൃക്ഷായുർവേദത്തിന്റെ പ്രസക്തിയെക്കുറിച്ച് ‘ഹരിതാഭം’ എന്ന പേരിൽ പരിപാടി നടത്തി. വനമിത്ര പുരസ്കാര ജേതാവ് ഐ. ഉണ്ണികൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. പ്രഥമാധ്യാപിക കെ.വി.ഗോമതി അധ്യക്ഷത വഹിച്ചു.ഐ. ഉമേഷ് നമ്പൂതിരി, കെ.പി. ദിവാകരൻ, കെ.പ്രേമരാജൻ, കെ.പി. സുനിൽകുമാർ സംസാരിച്ചു.

ചെങ്ങളായി യു.പി. സ്കൂളിൽ പരിസ്ഥിതി പ്രവർത്തകൻ എൻ.പി. ജോസഫ് ഉദ്ഘാടനം ചെയ്തു. പ്രഥമാധ്യാപകൻ ടി. ഉണ്ണികൃഷ്ണൻ, ടി. ഗംഗാധരൻ, എം.സി.ജയശ്രീ സംസാരിച്ചു. പരിപ്പായി ഗവ. എൽ.പി. സ്കൂളിൽ കൃഷി ഓഫീസർ മായാ ദേവി ഉദ്ഘാടനം ചെയ്തു. എം.ടി. രാജേഷ് അധ്യക്ഷത വഹിച്ചു. വി.കെ. വിജയകുമാർ, ടി.കെ. രാധ, കെ.വി. ബിജു സംസാരിച്ചു. എള്ളരിഞ്ഞി എ. എൽ.പി സ്കൂളിൽ പരിസ്ഥിതി ദിനാഘോഷം നഗരസഭാ കൗൺസിലർ കെ.കെ. ശശിധരൻ ഉദ്ഘാടനം ചെയ്തു. മാതൃസമിതി പ്രസിഡൻറ് ജിജി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. നഗരസഭാംഗം കെ.എൻ. സ്വപ്ന, സി.ആർ.സി. കോ ഓർഡിനേറ്റർ സി.സി. പ്രജീന, പ്രഥമാധ്യാപകൻ കെ.പി. വേണുഗോപാലൻ, സീനിയർ അസിസ്റ്റന്റ് പി. ഗീത, പി. രാജേഷ്, എം.സി. ശ്രീജിത്ത് എന്നിവർ സംസാരിച്ചു.

പരിയാരം ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ് 35000 ചെടികൾ നടന്നതിന്റെ പഞ്ചായത്ത്തല ഉദ്ഘാടനം നിർവഹിക്കുന്നു.

പരിസ്ഥിതി ദിനത്തിൽ ലഭിച്ച വൃക്ഷത്തൈകളുമായി ശ്രീകണ്ഠപുരം വയ്ക്കര ഗവ.യു പിയിലെ വിദ്യാർത്ഥികൾ.

ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ ശ്രീകണ്ഠപുരം യൂണിറ്റ് കമ്മിറ്റിയുടെ വൃക്ഷത്തൈ വിതരണം നഗരസഭാ ചെയർമാൻ പി.പി.രാഘവൻ ഉദ്ഘാടനം ചെയ്യുന്നു.

34 വർഷത്തെ സേവനത്തിന് ശേഷം പോലീസ് സർവീസിൽ നിന്നും വിരമിക്കുന്ന എസ്.ബി.സി ഐ.ഡി. സബ് ഇൻസ്പെക്ടർ സി.രാധാകൃഷ്ണൻ(ചിറക്കൽ)

അനുമോദിച്ചു

തളിപ്പറമ്പ: മുറിയാത്തോട് പ്രഭാത് കലാസമിതിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികളെ അനുമോദിച്ചു. മുൻ എം.എൽ.എ സി.കെ.പി. പത്മനാഭൻ ഉദ്ഘാടനം ചെയ്തു. എം. സുരേഷ് അധ്യക്ഷത വഹിച്ചു. എൻ. ജോയ് സംസാരിച്ചു. എൻ. കൃഷ്ണൻ സ്വാഗതവും എൻ. ബാലൻ നന്ദിയും പറഞ്ഞു.

തളിപ്പറമ്പ: ഡി.വൈ.എഫ്.ഐ തട്ടുമ്മൽ യൂണിറ്റ് എസ്.എസ്.എൽ.സി, പ്ലസ്ടു, എൽ.എസ്.എസ് വിജയികളെ അനുമോദിച്ചു. പി.പി. രഘു ഉദ്ഘാടനം ചെയ്തു. യൂണിറ്റ് വൈസ് പ്രസിഡണ്ട് സുനിൽകുമാർ അധ്യക്ഷനായി. വി.വി. നിധിൻ, ടി.വി. വികേഷ്, എൻ. ഷാജി, കെ.വി. പ്രവീൺ, പി.വി. ശരത്ത് സംസാരിച്ചു. ഇ.വി. ശ്രീനാഥ് സ്വാഗതവും ഷിബിൻ നന്ദിയും പറഞ്ഞു.

പച്ചക്കറിത്തൈ വിതരണം

ശ്രീകണ്ഠപുരം: ഇരിക്കൂർ ബ്ലോക്ക് അഗ്രോ സർവീസ് സെന്ററിന്റെ നഗരസഭ പരിസരത്തെ ഔട്ട്ലറ്റിൽ നിന്നും വിവിധതരം പച്ചക്കറിത്തൈകൾ, വിത്തുകൾ, മറ്റു നടീൽ വസ്തുകൾ എന്നിവ വിതരണം തുടങ്ങിയതായി സെക്രട്ടറി അറിയിച്ചു.

അനുശോചിച്ചു

കണ്ണൂർ: ജില്ലാ ബസ് ഓപ്പറേറ്റേഴ്സ് ഓർഗ്ഗനൈസേഷൻ സെക്രട്ടറി വി.വിജയേന്ദ്രന്റെ നിര്യാണത്തിൽ വിവിധ സംഘടനകളുടം യോഗം അനുശോചിച്ചു. അസോസിയേഷൻ പ്രസിഡന്റ് പി.കെ.പവിത്രൻ അധ്യക്ഷത വഹിച്ചു. കോ-ഓർഡിനേറ്റർ കമ്മിറ്റി ചെയർമാൻ വി.ജെ.സെബാസ്റ്റ്യൻ, ജില്ലാ ഭ്രവാഹികളായ കെ.കെ.വിനോദ് കുമാർ, സി. മോഹനൻ, എസ്.അഷ്റഫ്, ടി. കെ.വിജേഷ്, ടി.രാധാകൃഷ്ണൻ, പി.സി.രാജീവ്, സൊസൈറ്റി ഡയരക്ടർമാരായ പി.അജിത്ത്, കെ.വി മോഹനൻ സംസാരിച്ചു.

അപേക്ഷ ക്ഷണിച്ചു

ചെറുകുന്ന്: ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ സാക്ഷരതാമിഷൻ കേന്ദ്രം മുഖേന പത്താം തരം തുല്യത, പന്ത്രണ്ടാം ക്ലാസ് തുല്യതാ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏഴാം ക്ലാസ് പാസായ ആർക്കും പത്താം ക്ലാസിൽ ചേരാം. പത്താം ക്ലാസ് പാസായ 22 വയസ് പൂർത്തിയായ ആർക്കും പ്ലസ് ടു തുല്യതക്ക് അപേക്ഷിക്കാം. പ്രായപരിധിയില്ല. കുടാതെ ഗുഡ് ഇംഗ്ലീഷ്, അഛി ഹിന്ദി, പച്ച മലയാളം കോഴ്സിനു അപക്ഷിക്കാം. ഫോൺ:9847966471.

14 വർഷത്തെ സേവനത്തിന് ശേഷം പരിയാരം മെഡിക്കൽ കോളേജിൽ നിന്ന് വിരമിച്ച ഡ്രൈവർ എം.കെ. നാരായണൻ പടന്നപ്പുറം.

രാമനുണ്ണിയുടെ പ്രാർത്ഥനായജ്ഞം മതഭ്രാന്തന്മാർക്കെതിരെയെന്ന് പി.ജയരാജൻ

കണ്ണൂർ: മതഭ്രാന്തന്മാർ ആരാധാനാലയങ്ങളെ ദുരുപയോഗിച്ച് നടത്തുന്ന കാട്ടാളത്തത്തിനെതിരായ വിശ്വാസികളുടെ പ്രാർത്ഥനയാണ് ഇന്ന് കണ്ണൂർ കടലായി ശ്രീകൃഷ്ണ ക്ഷേത്രത്തിൽ കണ്ടതെന്ന് സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജൻ പറഞ്ഞു. പ്രശസ്ത എഴുത്തുകാരനായ കെ.പി രാമനുണ്ണി വിശ്വാസികൾക്കിടയിൽ വളർന്നുവരുന്ന പ്രതികരണത്തിന്റെ പ്രതീകമെന്നോണമാണ് കടലായി ശ്രീകൃഷ്ണ ക്ഷേത്രത്തിൽ പ്രാർത്ഥനാ യജ്ഞം നടത്തിയത്. ആർ എസ് എസ് പോലെയുള്ള തീവ്രവാദ ശക്തികളാണ് ക്ഷേത്രങ്ങളിൽ നുഴഞ്ഞുകയറി വിശ്വാസികളെ വഴി തെറ്റിക്കാൻ ശ്രമിക്കുന്നത്.

ഇതിനെതിരെ ക്ഷേത്രവിശ്വാസികളിൽ നിന്ന് തന്നെ എതിർപ്പുയർന്ന് വന്നിരിക്കുകയാണ്. ഇത് സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ ഇത്തരം പ്രാർത്ഥനകളെ പോലും അനുവദിക്കില്ലെന്ന നിലപാടിലാണ് ആർ എസ് എസും പരിവാർ സംഘടനകളും. അതിന്റെ ഭാഗമായുള്ള നടപടികളാണ് ഇന്ന് ക്ഷേത്രത്തിൽ അവരുടെ ഭാഗത്ത് നിന്ന് ഉണ്ടായത്.

ഇത്തരം എതിർപ്പുകളെ രാമനുണ്ണി ഉൾപ്പടെയുള്ളവർക്ക് അതിജീവിക്കാനായി. അയിത്ത ജാതിക്കാർക്ക് ക്ഷേത്രപ്രവേശനം ആവശ്യപ്പെട്ടുകൊണ്ട് നടന്ന സമരകാലത്ത് ജാതിഭ്രാന്തന്മാരാണ് നവോത്ഥാന സന്ദേശത്തെ അക്രമത്തിലൂടെ തടയാൻ ശ്രമിച്ചത്. ഇന്ന് മതഭ്രാന്തന്മാരാണ് വിശ്വാസികൾക്കിടയിൽ വളർന്ന് വരുന്ന അഭിപ്രായങ്ങളെ ബലം പ്രയോഗിച്ച് തടയാൻ ശ്രമിക്കുന്നത് എന്ന വ്യത്യാസം മാത്രം. എന്നാൽ നാനാ മതവിശ്വാസികൾക്കിടയിൽ മതതീവ്രവാദ ശക്തികൾക്കെതിരായ ഇതേപോലെയുള്ള എതിർപ്പ് ഇനിയും ശക്തിപ്പെടണമെന്നും പി.ജയരാജൻ പറഞ്ഞു.

മുറിയാത്തോട് പ്രഭാത് കലാസമിതി സംഘടിപ്പിച്ച എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികൾക്കുള്ള അനുമോദനം മുൻ എം.എൽ.എ സി.കെ.പി. പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു.

ഇ-പോസ് മെഷീൻ;അധികൃതർ അലംഭാവം വെടിയണം: സതീശൻ പാച്ചേനി

കണ്ണൂർ: റേഷൻ കടകളിൽ ഉപഭോക്താക്കൾക്കും വ്യാപാരികൾക്കും ഒരുപോലെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഇ-പോസ് മെഷീൻമൂലം തകരാറുകൾ ഉണ്ടാകുമ്പോൾ പ്രശ്നം പരിഹരിക്കാതെ അധികൃതർ തികഞ്ഞ അലംഭാവം കാണിക്കുകയാണെന്ന് ഡി.സി.സി. പ്രസിഡന്റ് സതീശൻ പാച്ചേനി പറഞ്ഞു. സർവർ തകരാറുകൾ ഉൾപ്പെടെ സാങ്കേതിക പ്രശ്നങ്ങൾ അടിക്കടി ഉണ്ടാകുമ്പോഴും പ്രശ്നങ്ങൾ ദ്രുതഗതിയിൽ പരിഹരിക്കാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഇല്ലാതാക്കാനും ഇടപെടേണ്ട ഭരണകൂടവം സിവിൽ സ്പൈസ് വകുപ്പും അലംഭാവം വെടിഞ്ഞ് കാര്യക്ഷമമായി ഇടപെടണമെന്ന് അദേഹം പ്രസ്ഥാവനയിൽ പറഞ്ഞു.

കൗമാരക്കാരായ പെൺകുട്ടികൾക്കായി മണിക്കടവ് സ്കൂൾ ഓഡിറ്റോറിയത്തിൽ ഉളിക്കൽ സ്റ്റേഷനിലെ സി.പി.ഒ ടി.പി.ഉമേഷ് ബോധവത്ക്കരണ ക്ലാസ് എടുക്കുന്നു

പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റൽ; ട്യൂട്ടർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു

ശ്രീകണ്ഠപുരം: മയ്യിൽ, ശ്രീകണ്ഠപുരം എന്നിവിടങ്ങളിലെ പട്ടികജാതി പ്രീ മെട്രിക് ഹോസ്റ്റലുകളിൽ താത്കാലിക ട്യൂട്ടർമാരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദവും ബന്ധപ്പെട്ട വിഷയങ്ങളിൽ ബി. എഡുമാണ് യോഗ്യത. യു.പി. വിഭാഗത്തിനായി ടി.ടി.സി. യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ 12ന് മുൻപായി ഇരിക്കൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം. ഫോൺ: 0460 2257140, 9562702482.

പയ്യാവൂർ ദേവമാതാ സ്കൂൾ 1988 എസ്.എസ്.എൽ.സി ബാച്ചിന്റെ ‘തിരികെ തിരുമുറ്റത്ത്’ പൂർവ്വ വിദ്യാർത്ഥി സംഗമം ജേക്കബ് മാരിപ്പുറം ഉദ്ഘാടനം ചെയ്യുന്നു.

‘തിരികെ തിരുമുറ്റത്ത്’ പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി

പയ്യാവൂർ: 30 വർഷങ്ങൾക്ക് ശേഷം 1988 എസ്.എസ്.എൽ.സി ബാച്ചിന്റെ ‘തിരികെ തിരുമുറ്റത്ത്’ പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി. ദേവമാത ഹൈസ്കൂൾ ഗ്രൗണ്ടിൽ പഴയകാല കൂട്ടുകാർ ഒത്തുകൂടി. അസംബ്ലി വിളിച്ചു ചേർത്ത് പ്രതിജ്ഞ ചൊല്ലിയാണ് സംഗമം ആരംഭിച്ചത്. മുൻ പ്രധാനാധ്യാപകനും പയ്യാവൂർ പഞ്ചായത്ത് മുൻ പ്രസിഡണ്ടുമായിരുന്ന ജേക്കബ് മാരിപ്പുറം ഉദ്ഘാടനം ചെയ്തു. സോജൻ പെരുമ്പാട്ട്, അഗസ്റ്റി പുത്തൻപുരക്കൽ, അഡ്വ. റെൻസൺ തുടിയംപ്ലാക്കൽ, ഫാ. സുനീഷ് പുതുക്കുളങ്ങര, പി.എം.കൃഷ്ണൻ, പി.കെ. സജി പ്രസംഗിച്ചു. പഴയകാല വിദ്യാർത്ഥി സുഹൃത്തുക്കളും അവരുടെ കുടുംബാംഗങ്ങളും ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. പ്ലസ് ടു, എസ്.എസ്.എൽ.സി. പരീക്ഷകളിൽ ഉന്നത വിജയം നേടിയ പൂർവ്വ വിദ്യാർത്ഥികളുടെ മക്കൾക്ക് അവാർഡ് നൽകി.

THOTTEEKKAL

തോട്ടീക്കലിൽ വിദ്യാർത്ഥികൾക്കായി നിർമ്മിച്ച മജ്ലിസ് ഇസ്തിറാഹ വെയിറ്റിംഗ് ഷെഡ് വിദ്യാർത്ഥികൾ നാടിന് സമർപ്പിക്കുന്നു

നായ്ക്കുട്ടികളെ വിൽപ്പനക്ക്

രണ്ടരമാസം പ്രായമുള്ള ഡാഷ് വർഗത്തിൽപ്പെട്ട നായ്ക്കുട്ടികളെ വിൽപ്പനക്ക്.

9562727172

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്

സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ

പൂക്കോത്ത്നട
തളിപ്പറമ്പ

ആലക്കോട് റോഡ്
മന്ന, തളിപ്പറമ്പ

Ph: 9446774253, Mob: 9961664253

പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

സ്ഥലം വിൽപ്പനക്ക്

തളിപ്പറമ്പ് ടൗണിൽ നിന്നും 5 മിനിറ്റ് നടപ്പ് ദൂരത്ത് കീഴാറ്റൂർ ഭാഗം (ബൈപ്പാസ് ബാധിക്കാത്ത) ടാർ റോഡ്, വെള്ളം തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഉള്ള നിരപ്പായ 12 സെന്റ് സ്ഥലം വിൽപ്പനക്ക്. പ്രതീക്ഷിക്കുന്ന വില സെന്റിന് 2.75 ലക്ഷം രൂപ. ആവശ്യക്കാർ ബന്ധപ്പെടുക.

8138978800

സ്ഥലം വിൽപ്പനക്ക്

തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിന് കിഴക്കുഭാഗത്തായി 15 സെന്റ് സ്ഥലം വിൽക്കാനുണ്ട്. ടാർ ചെയ്ത റോഡിൽ നിന്നും 4 മീറ്റർ വീതിയിൽ സ്ഥലത്തേക്ക് റോഡ് സൗകര്യമുണ്ട്. ബന്ധപ്പെടുക.

9446359840